**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2746** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിനുകീഴിലെ ബോർഡുകളിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിന് കീഴിലുള്ള ഏതൊക്കെ ബോർഡുകളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കി എന്ന് അറിയിക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ വെൽഫെയർ ബോർഡ്, കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്, കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇനിയും ശമ്പള പരിഷ്കരണം നടത്താനുള്ള ബോർഡുകളിൽ ശമ്പള പരിഷ്കരണം എന്നത്തേക്ക് നടപ്പിലാക്കും എന്ന് അറിയിക്കാമോ; | (ബി) | കേരള സംസ്ഥാന സഹകരണ സർവീസ് പരീക്ഷാ ബോർഡ്, കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് എന്നിവിടങ്ങളിലെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ച് വരുകയാണ്. |
| (സി) | ഏതൊക്ക ബോർഡുകളിൽ സർക്കാരിന്റെ അനുവാദത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ? | (സി) | കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ സർക്കാർ ജീവനക്കാർക്ക് ബാധകമായ ശമ്പള സ്കെയിലുകളും അലവൻസുകളുമാണ് ജീവനക്കാർക്ക് അനുവദിച്ച നൽകിയിട്ടുള്ളത്. ജി.ഒ.(പി) നം.27/2021/ഫിൻ തീയതി 10/2/2021 പ്രകാരം സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തെ തുടർന്ന് ബോർഡ് ഭരണസമിതിയുടെ 29/07/2021-ലെ 7-ാം നമ്പർ തീരുമാന പ്രകാരം ബോർഡിലെ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണ ഉത്തരവായ 10/02/2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിനെ തുടർന്ന് ഭരണസമിതിയുടെ അനുമതിയോടെ കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ